പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1005 | 29.9.2011-ൽ മറുപടിക്കുള്ളത്

## നാദാപുരം വികസന പദ്ധതി

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | | മറുപടി<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(റവന്യൂ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നാദാപുരം മണ്ഡലത്തിലെ അരീക്കരകുന്നിലുള്ള മിച്ചഭൂമി ബി.എസ്.എഫ് കേന്ദ്രത്തിനും നാദാപുരം വികസന പദ്ധതിക്കുമായി നൽകാൻ മുൻ ഗവൺമെന്റ് തീരുമാനിച്ചിരുന്നുവോ; | (എ) | റവന്യൂ വകുപ്പിന്റെ 29.12.2010-ലെ G.O(Ms) No.526/2010/RD നമ്പർ ഉത്തരവു പ്രകാരം ഔപചാരികമായ അപേക്ഷ (formal application) സമർപ്പിക്കുന്ന മുറയ്ക്ക് ഓരോ സ്ഥാപനത്തിനും സ്ഥലം നൽകുന്നതിന് പ്രത്യേകം ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ ഉത്തരവായിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത സ്ഥലം അളന്ന് തിട്ടപ്പെടുത്തി യഥാർത്ഥ കൈവശക്കാർക്കും നാദാപുരം വികസന പദ്ധതിക്കും നൽകുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; | (ബി) | ടി മിച്ചഭൂമി സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സി.ആർ.പി -205/11. സി.ആർ.പി-229/11, സി.ആർ.പി-162/11, WP(c) 20391/11 നമ്പരുകളിലായി കേസുകൾ നിലവിലുണ്ട്. സി.ആർ.പി. 162/11-ാം നമ്പർ കേസിൽ IA 781/11 ആയി 25.07.2011 മുതൽ 2 മാസത്തേയ്ക്ക് സ്റ്റേ നിലവിലുണ്ട്. |
| (സി) | എങ്കിൽ തടസ്സം നീക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ? | (സി) | തടസ്സം നീക്കാനുള്ള നടപടികൾ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ